## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5967 19.11. 2019 ൽ മറുപടിക്ക്

# കടിശ്ശിക തീർപ്പാക്കാൻ വൈദ്യുതി ബോർഡ് നിർദ്ദേശിച്ച വ്യവസ്ഥകൾ

ചോദ്യം

പ്രൊഫ.ആബിദ്ഹുസൈൻ തങ്ങൾ

മറുപടി

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വർഷങ്ങളായിട്ടുള്ള കടിശ്ശിക തീർപ്പാക്കാൻ വൈദ്യുതി ബോർഡ് നിർദ്ദേശിച്ച ഉദാരവ്യവസ്ഥകൾ റെഗുലേറ്ററി കമ്മീഷൻ തള്ളിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ന്റെ റെഗുലേഷൻ 136 (5) പ്രകാരം ദീർഘകാല കടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതികൾ ലൈസൻസി രൂപീകരിക്കേണ്ടതും കമ്മീഷന്റെ മുൻകൂർ അനുമതിയോടെ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്. ഈ വ്യവസ്ഥ പ്രകാരമാണ് കെ.എസ്.ഇ.ബി പദ്ധതികൾ സമർപ്പിക്കുന്നതും അത് റെഗുലേറ്ററി കമ്മീഷൻ പൊതുവിചാരണ നടത്തിയതിനു ശേഷം അംഗീകാരം നൽകുന്നതും . ഇപ്രകാരം അംഗീകരിച്ചിട്ടുള്ള പദ്ധതികൾ കാലാകാലങ്ങളായി ബോർഡിൽ നടപ്പാക്കി വരുന്ന കീഴ് വഴക്കമാണുള്ളത് |
| (ബി) ഇത്തരത്തിൽ വൈദ്യുതി ബോർഡിന്റെ പല നിർദ്ദേശങ്ങളും കൃത്യമായി വൈദ്യുതി ബിൽ അടയ്ക്കുന്നവരെ അപഹാസ്യമാക്കുന്നതാണെന്ന കാര്യം പരിശോധിക്കുമോ; | (ബി) ഒറ്റതവണ തീർപ്പാക്കൽ പദ്ധതികൾ പൊതുവെ ദീർഘകാല കടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് വേണ്ടിയാണ് നടപ്പിലാക്കി വരുന്നത്. ഇപ്പോൾ പ്രാബല്യത്തിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും (OTS-2019) രണ്ട് വർഷത്തിന് മുകളിൽ കടിശ്ശിക ഉള്ളവർക്കാണ് ബാധകമായിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നിലവിലുള്ള കടിശ്ശികയിൽ പലിശയുടെ നിരക്കിൽ മാത്രമാണ് ഇളവ് നൽകുന്നത്. നിലവിലെ ചട്ടപ്രകാരം ഒരു ഉപഭോക്താവിന് ബില്ല് നൽകിയതിനുശേഷം 21 ദിവസം കഴിയുമ്പോൾ ബില്ല് തുക അടയ്ക്കാത്തപക്ഷം കണക്ഷൻ വിച്ഛേദിക്കുകയും ഇതിനെ തുടർന്ന് കുടിശ്ശിക 6 മാസം തികയുമ്പോൾ ടി കണക്ഷൻ അഴിച്ചെടുക്കുന്നതുമാണ്. ആയതിനാൽ, പൊതുവെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയോഗപ്പെടുത്തുന്ന ഉപഭോക്താവിന്റെ കണക്ഷൻ വിച്ഛേദിക്കപ്പെട്ട നിലയിലോ അതോ കടിശ്ശികകൾ നിയമനടപടികളിലോ ആയിരിക്കും. |
| (സി) മോഷണക്കേസുകൾ കൂടി തീർപ്പാക്കലിന്റെ ഭാഗമാക്കാനുള്ള നീക്കം സർക്കാർ അനുമതിയോടെയാണോ എന്ന കാര്യം | (സി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ മോഷണ കേസുകളിൽപെട്ട് ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 135 പ്രകാരം മൂല്യനിർണ്ണയം നടത്തിയിട്ടുള്ള കടിശ്ശികകൾക്ക് ബാധകമല്ല. എന്നാൽ |

| | |
|---|---|
| പരിശോധിക്കുമോ; | ബോർഡ് നൽകിയ ഹർജിയിൽ ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 135 (1) (ഇ) ൽ മാത്രം മൂല്യനിർണ്ണയം നടത്തിയിട്ടുള്ള കുടിശ്ശികകളെ ഒറ്റത്തവണ തീർപ്പാക്കലിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. ടി സെക്ഷൻ പ്രകാരം വിദ്യുച്ഛക്തിയുടെ ഉപയോഗം അധികാരപ്പെടുത്തിയതിനല്ലാത്ത ഉദ്ദേശത്തിനായി ഉപയോഗിച്ചതിന് ബാധകമായിട്ടുള്ളതാണ്. ഇപ്രകാരമുള്ള ഉപയോഗം മീറ്ററിൽ കൃത്യമായി രേഖപ്പെടുത്തും. ഇത് കൂടാതെ പരമോന്നത നീതിപീഠം ഒരു കേസിൽ (Civil Appeal No.6547 of 2019) ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 135 പ്രകാരം മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതിൽ സിവിൽ ബാധ്യത ലൈസൻസിക്ക് പിരിച്ചെടുക്കാൻ കഴിയുന്നതാണെന്നും അത് പ്രത്യേക കോടതിയുടെ ഉത്തരവിൻ പ്രകാരം പിൽക്കാലത്ത് ക്രമീകരിക്കേണ്ടതുമാണെന്ന് പറയുകയുണ്ടായി. എന്നാൽ ക്രിമിനൽ നടപടി അതിന്റെ വഴിക്ക് പോവുകയും ചെയ്യും. ഇതിനെ തുടർന്നാണ് സെക്ഷൻ 135 (1) (ഇ) ലുള്ള വൈദ്യുതി ദുരുപയോഗം നടത്തിയ ഉപഭോക്താവിനെ കൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്യുന്നത്. |
| (ഡി) വൈദ്യുതി ചാർജ്ജ് ബില്ലിൽ, ഉപയോഗിച്ച യൂണിറ്റിന് പുറമേ പലതരത്തിലുള്ള ചാർജ്ജുകളും ഈടാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ? | (ഡി)നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരവും സപ്ലൈ കോഡ് 2014 ന്റെ വ്യവസ്ഥകൾക്കും വിധേയമായി വിതരണ ലൈസൻസി ഉപഭോക്താവിൽ ചുമത്തേണ്ട ചാർജ്ജുകൾ, കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിച്ച താരിഫ് പ്രകാരവും ലൈസൻസിന്റെ നിബന്ധനകളിൽ നിശ്ചയിച്ച പ്രകാരവും ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം എനർജി ചാർജ്ജിന് പുറമേ നിശ്ചിത ചാർജ്ജ് അല്ലെങ്കിൽ ഡിമാന്റ് ചാർജ്ജ്, മീറ്റർ വാടക, കപ്പാസിറ്ററിന്റെ അധിക തുക, പവർ ഫാക്ടർ ക്രമീകരണ ചാർജ്ജ് എന്നിങ്ങനെ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ചാർജ്ജുകൾ ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്നതാണ്. ഇപ്രകാരം കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ചാർജ്ജുകൾ മാത്രമേ വൈദ്യുതി ചാർജ്ജ് ബില്ലിൽ ഈടാക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ